Santhigiri

ഗുരുവാണി

"നിങ്ങൾ ചെയ്യുന്ന ധർമ്മാധർമ്മങ്ങൾ എന്തെന്ന് തിരിച്ചറിയാനുള്ള വാതിൽ തുറക്കലായിരിക്കും ഗുരുലാഭം. "

# ഉമ്മിണിതങ്കം

VOL 05 | ISSUE 32 | 2019 ആഗസ്റ്റ് 11 | 1194 കർക്കിടകം 26

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## 'നവപൂജിതം' വ്രതാരംഭം ആഗസ്റ്റ് 14 മുതൽ

### പ്രചാരണ പരിപാടികൾ താൽക്കാലികമായി നിർത്തിവെച്ചു

**സ്പിരിച്വൽ സോൺ :** ഗുരുവിന്റെ 93-ാം ജന്മദിനപൂജിത സമർപ്പണാഘോഷം 'നവപൂജിത'ത്തോടനുബന്ധിച്ചുള്ള 21 ദിവസത്തെ വ്രത സങ്കല്പങ്ങൾ ആഗസ്റ്റ് 14 പൗർണ്ണമി ദിനം മുതൽ ആരംഭിക്കും. ആശ്രമത്തിലും ബ്രാഞ്ചുകളിലും ഈ ദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥനകൾ നടക്കും.

സംസ്ഥാനത്തെ ബാധിച്ച മഴക്കെടുതി കാരണം നവപൂജിതം പ്രചാരണ പരിപാടികൾ താൽക്കാലികമായി നിർത്തിവെച്ചു. ആഗസ്റ്റ് 15ന് ഗൃഹസ്ഥാശ്രമസംഘം നടത്താനിരുന്ന പോത്തൻകോട് - കോലിയക്കോട് റോഡ് ശുചീകരണം, ശാന്തിഗിരി ജംഗ്ഷൻ, ലക്ഷ്മി പുരം യൂണിറ്റുകളിലെ സൗഹൃദക്കൂട്ടായ്മ എന്നിവയും മാറ്റി.

നവപൂജിതം ആലോചനാ യോഗം ആഗസ്റ്റ് 6ന് ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ നടന്നു. ജീവനെ മോചനപ്പെടുത്തിയെടുക്കുന്നതിനും ഗുരുവിനെ അനുഭവങ്ങളിലൂടെ തിരിച്ചറിയുന്നതിനും ഉതകിയ സന്ദർഭമാണ് നവപൂജിതമെന്നും ലോകമെമ്പാടും ശാന്തിയും സമാധാനവുമില്ലാതെ അലയുന്നവർക്ക് ഒരിറ്റ് ആശ്വാസം പകരാൻ നമുക്ക് കഴിയണമെന്നും സ്വാമി പറഞ്ഞു.

സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, വിവിധ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ആഘോഷത്തോടനുബന്ധിച്ചുള്ള ബജറ്റ് യോഗത്തിൽ അവതരിപ്പിച്ചു. സമ്പൂർണ്ണ ഗുരുവാണി, നവപൂജിതം വിശേഷാൽപ്പതിപ്പ് എന്നിവ സെപ്റ്റംബർ മൂന്നിന് പുറത്തിറങ്ങുമെന്ന് കമ്മ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ് എഡിറ്റർ ടി.ശശിമോഹൻ പറഞ്ഞു.

നെയ്യാറ്റിൻകര ഏരിയയിൽ സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വിയുടെ നേതൃത്തിൽ 20,000 രൂപയുടെ ചികിത്സാ ധനസഹായം വിതരണം ചെയ്തു. കാസർഗോഡ് 7 സൗഹൃദക്കൂട്ടായ്മ നടന്നു.

## മഴക്കെടുതി : ശാന്തിഗിരിയിൽ കെയർ സർവ്വീസസ് ഡെസ്ക്ക് ആരംഭിച്ചു

**ഹെൽത്ത്കെയർ സോൺ :** സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷമായ സാഹചര്യത്തിൽ ശാന്തിഗിരി ആശ്രമത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ശാന്തിഗിരി കെയർ സർവ്വീസസ് ഡെസ്ക് ഹെൽത്ത് കെയർ കോംപ്ലക്സിൽ ആരംഭിച്ചു. കൊല്ലം, തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലാണിത്. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ സ്പിരിച്വൽ സോൺ അനക്സ് ഓഡിറ്റോറിയത്തിൽ ചേർന്ന അടിയന്തര യോഗത്തിലാണ് ഈ തീരുമാനമെടുത്തത്. അപകടത്തിൽപ്പെട്ടവർക്ക് സഹായം നൽകുന്നതിനാണ് സന്ന്യാസിമാരുടെ നേതൃത്വത്തിൽ പ്രത്യേക ഡെസ്ക് ആരംഭിച്ചത്. അടിയന്തര സാഹചര്യമുണ്ടായാൽ ശാന്തിഗിരിയുടെ കെയർ സർവീസ്സ് +91 8111922222 നമ്പറിലോ ടോൾഫ്രീ നമ്പറായ 18004255777, careservice@santhigiriashram.org എന്ന ഇ മെയിലിലോ ബന്ധപ്പെടാം. ആംബുലൻസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഈ ഓഫീസ് കേന്ദ്രീകരിച്ച് ലഭ്യമായിരിക്കും.

പകർച്ചപ്പനി തടയുന്നതിനുള്ള ഔഷധവിതരണം ഇതിനകം ആരംഭിച്ചു. എല്ലാ ഏരിയ ഓഫീസുകളിലും ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്. സന്നദ്ധസേവകരുടെ സംഘം രൂപീകരിച്ചിട്ടുണ്ട്. ചികിത്സാസഹായത്തിനായി മെഡിക്കൽ ടീമിനേയും സജ്ജീകരിച്ചിട്ടുണ്ട്.

ശാന്തിഗിരി ടേക്ക് എ ബ്രേക്ക്, ശാന്തിഗിരി ഫുഡ് സർവ്വീസസ് & വെജിറ്റബിൾ സ്റ്റാൾ, ശാന്തിഗിരി ഷോപ്പിംഗ് മാൾ, ശാന്തിഗിരി ഫ്യൂവൽസ് എന്നിവിടങ്ങളിൽ മെഡിക്കൽ പോയിന്റുകൾ സജ്ജീകരിച്ചിട്ടുണ്ട്.

## മഴ: ജാഗ്രതയാണ് ഏറ്റവും മുഖ്യ പ്രതിരോധം

### സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**മീഡിയ റിലേഷൻസ്**

കേരളം വീണ്ടും മഴക്കെടുതികളുടെ വാർത്തകൾ കൊണ്ട് നിറയുകയാണ്. ഇവിടെ നാം കൂടുതൽ ജാഗരൂകരാകേണ്ടതാണ്. ജാഗ്രതയാണ് ഏറ്റവും മുഖ്യ പ്രതിരോധം. കഴിഞ്ഞ വർഷത്തെ അനുഭവം നമുക്ക് മുന്നിലുള്ളതിനാൽ അനാവശ്യമായ ആശങ്ക ഉണ്ടാകും. മാത്രമല്ല ഇതേ അനുഭവം ഉള്ളതിനാൽ മാധ്യമങ്ങൾ ഇത്തവണത്തെ മഴപെയ്ത്തിന് വൻപ്രാധാന്യം കൊടുക്കുകയും ചെയ്യും. ഇത് ജനങ്ങളിൽ ആശങ്ക വർദ്ധിപ്പിക്കും. മഴ കേരളത്തിലെമ്പാടും രൂക്ഷമാകുകയും ചിലയിടങ്ങളിൽ മഴക്കെടുതികൾ ഉണ്ടാകുകയും ചെയ്ത പശ്ചാത്തലത്തിൽ ശാന്തിഗിരി സ്പിരിച്വൽ സോൺ കോൺഫറസ് ഹാളിൽ വെള്ളിയാഴ്ച ചേർന്ന പ്രത്യേക യോഗത്തിൽ സംസാരിക്കുകയായിരുന്നു ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി.

കർക്കിടകത്തിൽ തോരാമഴ സാധാരണമാണ്. ഇത് കഴിഞ്ഞവർഷം പ്രളയരൂപം കൈക്കൊണ്ടു. ഇത്തവണയും മഴയുടെ പെയ്ത്തിന്റെ ലക്ഷണം നമ്മെ അതിലേക്ക് ചിന്തിക്കാനാണ് പ്രേരിപ്പിക്കുന്നത്. ഇവിടെ, ഈ സമയം ശാന്തിഗിരിയുടെ

(ശേഷം 4-ാം പേജിൽ)




### എമർജൻസി നമ്പറുകൾ

കെയർ സർവ്വീസസ് ശാന്തിഗിരി ■ 8111922222
ടോൾഫ്രീ നമ്പർ ■ 18004255777
സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി ■ 94472822560
സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി ■ 8111882324
സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി ■ 9995880836
സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി ■ 7012043594
സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി ■ 9446752579
സന്തോഷ് കുമാർ കെ.കെ. ■ 8111882394
ബാബു പി.പി ■ 92494390222, എം.പി പ്രമോദ് ■ 8111882458
സജീവൻ ഇ ■ 9995888304, മനു നായർ ■ 8111882391
ബിജു കെ. ■ 9249497051, യദുകൃഷ്ണൻ ■ 8111882401
രാഹുൽ റെജി ■ 8136969961, വൈശാഖ് ആർ. ■ 7510265090
അജിത്ത് കുമാർ കെ.എസ് ■ 8111882401



*കണ്ണൂർ ഇരിട്ടിയിലെ ദുരിതാശ്വാസ ക്യാമ്പ് സ്വാമി മധുരനാദൻ ജ്ഞാനതപസ്വി സന്ദർശിച്ചപ്പോൾ*

### കൺട്രോൾ റൂം നമ്പറുകൾ

മുഖ്യമന്ത്രിയുടെ ഓഫീസ്
■ 0471 2517500, 2322056
സെക്രട്ടേറിയേറ്റ്
■ 0471 2329227, 2518356
സംസ്ഥാന കൺട്രോൾ റൂം
■ 1070
എമർജൻസി ഓപ്പറേഷൻ സെന്റർ
■ 0471 2331639, 2333198
ജില്ല കൺട്രോൾ റൂം ■ 1077
കേരള പോലീസ് ■ 112
റെയിൽവേ ■ 1072, 9188292595

# ഗുരുവാണി

നമുക്ക് ജീവിതം കൊണ്ട് ധാരാളം അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്. ഇതിനെ നിവർത്തിച്ചെടുക്കാൻ നമ്മൾ പരിശ്രമിക്കണം. അത് കുട്ടികളിൽക്കൂടി വരുത്തണം. അതിലേക്ക് നയിക്കുന്ന ധർമബോധമാണ് ആദ്യമായി നമുക്ക് വേണ്ടത്. നിങ്ങളുടെ രോഗം തന്നെ ഇന്നതാണ്, ഇന്നയിന്ന കാരണങ്ങൾ കൊണ്ടാണതു വന്നത്, അതിനുവേണ്ടി ഇന്നതു പോലെ ചെയ്യണം എന്ന് അനവധി പേരോട് ഞാൻ പറഞ്ഞിട്ടുണ്ട്. ഇപ്പോഴും പറയുന്നു. പക്ഷെ അതനുസരിക്കാനുള്ള പ്രാപ്തി ആർക്കും ഉണ്ടാകുന്നില്ല. അതിൽ എനിക്കു ദു:ഖമുണ്ട്. എന്തു ചെയ്യാൻ? ആയിരക്കണക്കിനാളുകളെ ബോധ്യപ്പെടുത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ആർക്കുമത് എടുക്കാൻ കഴിയുന്നില്ല. അനുസരിക്കാൻ കഴിയാതെ വിട്ടുപോയിട്ട് രണ്ടുനാലു വർഷം കഴിയുമ്പോൾ അതേ അവശതയുമായിത്തന്നെ വീണ്ടും വരും. അപ്പോൾ നിവൃത്തിയില്ല. സമയം കഴിഞ്ഞു പോയില്ലേ! ഈ കർമത്തെ നിവർത്തിക്കാൻ മുതിർന്നവരിൽക്കൂടി കഴിയുകയില്ല. ചെറിയ കുട്ടികളിൽക്കൂടിയേ ഇതു കഴിയൂ. അവരിൽക്കൂടി കുറെയൊക്കെ വരുത്താം. ഒരു മൂന്നുതലമുറ കഴിയുമ്പോൾ എല്ലാം നേരെയാകും. അങ്ങനെ ചെയ്യാനേ കഴിയൂ.

കുട്ടികളിലേക്കു പകർത്താൻ എന്തെങ്കിലുമൊരു അറിവുണ്ടോ? അതില്ല. അച്ഛനമ്മമാർ എത്ര അറിവില്ലാത്തവരായാലും കുട്ടികളിൽ ഒരു സൂക്ഷിപ്പു കാണാതിരിക്കില്ല. പക്ഷേ ഇത്രയൊക്കെയേ ഉള്ളൂ, അവരുടെ സൂക്ഷിപ്പ്. എന്തു ചെയ്യാൻ? നമ്മുടെ സമകാലികത്വം ഇങ്ങനെ ആയിപ്പോയി. ഇതു മനസ്സിലാക്കിയിട്ട് ഇനി നമ്മൾ എങ്ങനെയായിരിക്കണം, എന്തുവേണം എന്നൊക്കെ വേദപൂർവ്വം ചിന്തിക്കണം. ആ ചിന്തയെ എന്തു വില കൊടുത്തും കർമിച്ചെടുക്കാനുള്ള സന്നദ്ധത വേണം. ഇതാണ് നിങ്ങൾക്ക് ചെയ്യാനുള്ളത്, ചെയ്യേണ്ടതും. അല്ലാതെ വെറുതെയങ്ങു കേട്ടിട്ട് കൊള്ളാം എന്നു പറഞ്ഞതുകൊണ്ട് യാതൊരു കാര്യവുമില്ല. എന്തുകൊള്ളാമെന്ന്? എന്താണോ ഉചിതമായത്, എന്റെ ജീവിതാന്ത്യം വരെ ഞാനതു ചെയ്യും എന്ന് വീടോടെ തീർപ്പെടുത്തുചെയ്യണം. വീട്ടിലെ പെണ്ണുങ്ങൾ ഇതൊന്നും ചെയ്യില്ല എന്നു വച്ചാൽ വീടു നഷ്ടമാകും. വീടുതന്നെ ഉണ്ടാവുകയില്ല എന്നർത്ഥം. അതു നിശ്ചയമാണ്. മുട്ടാളത്തരം കൊണ്ടൊന്നും വീട് നന്നാകാൻ പോകുന്നില്ല.

ഞാൻ നിങ്ങളോട് എന്തെങ്കിലും വേദാന്തം പറയാറുണ്ടോ? ജീവിതവുമായി ബന്ധപ്പെടുത്തി നിർത്താൻ യോഗ്യമായ അറിവാണാവശ്യം. വീടിന്റെ പ്രധാനഘടകം പെണ്ണാണ്. പ്രധാനഘടകമായ പെണ്ണിന്റെ കൈയിൽ എന്തെങ്കിലും ഒരു മഹത്വം ഉണ്ടായിരിക്കണം. അല്ലെങ്കിൽ പത്തുപതിനാറു വയസ്സാകുമ്പോൾ, കുട്ടികളെ– ആണായാലും പെണ്ണായാലും - ഒതുക്കി നിർത്താൻ കഴിയുകയില്ല. അവർ അവരുടെ ഇഷ്ടത്തിനങ്ങുപോകും. സ്വയം അറിവുള്ളവരാകുന്നതുവരെ കുട്ടികളെ ഒതുക്കി നിർത്താൻ സാധിച്ചില്ലെങ്കിൽ ഈ രക്ഷാകർത്താക്കളെക്കൊണ്ട്എന്തു പ്രയോജനം? നിങ്ങൾക്ക് ജീവിതം വേണമോ, വേണ്ടയോ?

ജീവിതം വേണമെന്നുണ്ടെങ്കിൽ വല്ലപാടും ജീവിച്ചാൽ പോരാ. വളരെയധികം പ്രയത്നിച്ചിട്ടുള്ള വീട്ടുകാർ തന്നെ വളരെയധികം താഴെപ്പെട്ടു പോയിരിക്കുകയാണ്. എന്തെന്നാൽ അവർക്കുതകിയ അറിവല്ലേ അവർക്കു പ്രയോഗിക്കാൻ കഴിയൂ. ഞാൻ വളരെയധികം ചീത്ത കേട്ടാണ് ഈ ആശയം വളർത്തിക്കൊണ്ടു വന്നിരിക്കുന്നത്. ചീത്ത മാത്രമല്ല, കേസും വഴക്കും വരെയുണ്ടായി. വളരെ നൊന്തു. ഇനി അധികം പറയുന്നതു ശരിയല്ല എന്നു സ്വയം തോന്നി അവർ ചീത്ത മതിയാക്കിയതാണ്. ഇപ്പോൾ ചീത്ത അധികം പറയുന്നില്ല. ഇത്രേയുള്ളൂ ഒരു മാറ്റം എന്നു പറയാൻ. ഇത്രയൊക്കെ കഷ്ടപ്പെടാൻ ഒരു കാരണമുണ്ട്. ഒരു വേദാന്തകർമം കൊടുത്താൽ അത് ചെയ്തെടുക്കാൻ ജനങ്ങളെക്കൊണ്ടു കഴിയുകയില്ല. ഒരു ജീവിത ധർമത്തിന്റെ പരിചയം കൊടുക്കുകയാണ്. അതിന് ദൈവത്തിൽ നിന്നും ഒരു അവകാശം കിട്ടിയതാണ്. ആ ധർമത്തിൽ അടിയുറച്ചു നിന്നുകൊണ്ട് പുണ്യവും പുണ്യത്തിൽ നിന്നും ഭാഗ്യവും സമ്പാദിക്കാൻ എളുപ്പമാണ്. ഇത് ജീവന്റെ നിലനിൽപിനു തന്നെ ആധാരമാണ്.

## വചനദീപ്തി

*യഥാർത്ഥത്തിൽ ഈശ്വരൻ ഗുരുവിന്റെ രൂപത്തിൽ*
*ശിഷ്യന്റെ ഭാരം തന്നെത്താനെടുത്ത് അയാളെ*
*പാപത്തിൽ നിന്നും രക്ഷിക്കുന്നു.*

**വിരജാനന്ദ സ്വാമികൾ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

16.08.2019 – **ജനസേവികപുരം**
17.08.2019 – **പോത്തൻകോട്**

## യാമപ്രാർത്ഥന

2019 ആഗസ്റ്റ് 15 :– 06 AM- 09 AM

# 'പ്രത്യക്ഷാവഹം ധർമം'

**പ്രകാശപഥം**

പ്രാർത്ഥനയെന്നു പറയുന്ന ഭാഗം ഏതേത് ജന്മങ്ങളിൽ നാം ചെയ്തൊതുക്കും. ഇപ്പോൾ നമ്മുടെ അഖണ്ഡനാമം തന്നെ അശരീരിയായിട്ട് കിട്ടിയ രംഗത്തെപ്പറ്റി നാം ചിന്തിക്ക്. ഇപ്പോൾ ആ അശരീരി എങ്ങനെ കിട്ടി. പ്രകാശത്തിൽ നിന്നും ശബ്ദം ഉണ്ടാകുന്നു. ആ ശബ്ദത്തിൽ നിന്നും ആരുടെ നാമമുണ്ടാകുന്നോ, ഏത് സ്തോത്രമുണ്ടാകുന്നോ, ഏത് സ്തുതി ഗീതങ്ങളുണ്ടാകുന്നോ എന്ന് നാം, അതാരെങ്കിലും, നമ്മളാരെങ്കിലും പറഞ്ഞു വച്ചിരുന്നതാണോ. വേറെ ഋഷീശ്വരൻമാർ ജനിച്ചിരുന്നോ, ഏതെല്ലാം കർമബന്ധത്തിൽ നിന്നും പൊട്ടിപ്പോയവർ ഇതിനെപ്പറ്റി ചിന്തിക്കുകയും അതിനെ അതിന്റെ മനസാക്ഷിയോടുകൂടി നിന്ന് പ്രവർത്തിക്കുകയും ചെയ്ത രംഗങ്ങളിൽ എങ്ങനെയാണ് ഈ അന്തരീക്ഷത്തിൽ വിലയം പ്രാപിച്ചു നിൽക്കുന്നത്. അങ്ങനെ വ്യാപകമായി നിൽക്കുന്ന ഈ അപകടകരമായ സർവ്വശക്തികും ഈ അഖണ്ഡനാമജപത്തിൽ നിന്ന്ആ സുകൃതമായിട്ടു വരുന്ന ആ ശബ്ദം കേട്ടിട്ട് അവർ എത്തേണ്ട സ്ഥാനത്ത് എത്തുകയും നമ്മുടെ ദോഷം തീരുകയും ചെയ്യും. ഇപ്പോൾ അത് സ്തോത്രമായിട്ടും, സ്തുതിയായിട്ടും ഗീതമായിട്ടും ഈശ്വരനെ പ്രാർത്ഥിച്ച് ഉള്ളിലേക്കെടുക്കുന്ന ഒരു സുകൃതമാണ്. ആ സുകൃതം ഏതൊരു തപോബലശക്തിയിലേക്കാണ് നമ്മളെക്കൊണ്ടെത്തിക്കുന്നതെന്ന് അവസ്ഥാന്തരങ്ങളിൽക്കൂടി നാം മനസ്സിലാക്കുകയാണ്.

അത് മറ്റ് വേദേതിഹാസപുരാണങ്ങളും, ഉപനിഷത്തുകളിലും മറ്റേതൊരു കാര്യങ്ങളിലും പറഞ്ഞിരിക്കുന്നതെന്ന കാരണം ആ പറഞ്ഞിരിക്കുന്നതൊക്കെ ഒരു ഭാഗമാവുന്നതെന്നേയുള്ളൂ. ഇത് അനുഭവമാണ്. കാരണം ജാഗ്രത്തിലും സ്വപ്നത്തിലും സുഷുപ്തിയിലും തുരിയത്തിലും തുരിയാതീതത്തിലും കണ്ടിട്ട് ഈ അഖണ്ഡനാമം എവിടെനിന്നാണ് ഇത് ഉണ്ടാകുന്നത് ആരാണ് ഇത് ആദ്യമായിട്ട് നമ്മളോട് പറഞ്ഞത്, ആ ബ്രഹ്മശക്തിയിൽ നിന്ന് ആ കാരുണ്യത്തിൽ നിന്ന് നമുക്ക് കിട്ടിയ ആ വാക്ക് എങ്ങനെയാണ്, നാം ഗുരുവിനെ ദൈവമായിട്ട് ആ ദൈവത്തിന്റെ പ്രതിബിംബമായിട്ടും, അതിൽ ലയിച്ചുചേരുന്ന പ്രകാശസ്രോതസ്സിനെപ്പറ്റിയാണ് നാം, അതാണ് നാം.

'നവഒലി' എന്നും 'നവസങ്കല്പങ്ങൾ' എന്നും 'നവപൂജിതം' എന്നും പറയുന്ന ഭാഗത്ത് ഈ പ്രകാശം എവിടെയാണ് പൂർണ്ണതയിൽ പൂർണ്ണമായി നിൽക്കുന്നത് എന്നറിയാൻ, ആ അറിയാനാണ് 'അനുഭൂതി' അല്ലെങ്കിൽ 'സാക്ഷാത്കാരം' അല്ലെങ്കിൽ 'പ്രത്യക്ഷാവഹം ധർമം' എന്നൊക്കെ പറയുന്ന ഭാഗം മനസ്സിൽക്കൂടി നമ്മൾ അനുഭവിച്ചറിയുകയാണ്. ആ അനുഭവം നമ്മളും മറ്റുള്ളവരുമായി പങ്കുവച്ചിട്ട് മനസ്സിന്റെ ഉള്ളിൽ നിന്ന് ഈ അഖണ്ഡനാമം നാമറിയാതെ വരികയാണ്. ജപിച്ചുകൊണ്ടേയിരിക്കുകയാണ്. ആ ജപമാണ് യഥാർത്ഥമായ നാമ സ്മരണയായിട്ട് ഈ ലോകത്തും, പരലോകത്തും, ഇനി വരാനിരിക്കുന്ന ലോകത്തും അല്ലെങ്കിൽ ഇനിയും സൗരയൂഥത്തിന്റെ ഏതേത് രംഗങ്ങളിലേക്ക് മാറണമെന്ന്, അതാണ് നമ്മൾ കാണുന്നത്. ഋഷിമാർ ഓരോന്നും ഈ നാമം ജപിച്ചിട്ട് നിങ്ങൾക്ക് എന്തൊക്കെ സാധിക്കാൻ പറ്റും, ചീത്തയായിട്ടല്ല, നല്ലതിനുവേണ്ടി എന്തും സാധിക്കാൻ പറ്റും; ആ പറ്റുന്ന പറ്റൽ എന്തിനെപ്പറ്റി പറ്റുന്നതായിരിക്കണം എന്നാണ് നമ്മുടെ പിന്നത്തെ ചിന്താഗതി. അങ്ങനെയീ അശരീരിയായി കിട്ടിയ ഈ ഭാഗം നമ്മൾ മനസിൽ സൂക്ഷിച്ചിട്ട് എന്റെ എല്ലാ ജീവിതസരണികളിലും ജീവിതത്തിന്റെ വഴിത്തിരിവുകളിലും, ഞാൻ ഏറ്റവും വലിയോരായുധം സർവ്വനീചത്വങ്ങളെയും നശിപ്പിക്കാനുതകുന്ന ഒരായുധമായിട്ടുതന്നെ ഞാൻ ഇതിൽ നിൽക്കുന്നു.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# ത്രിമാന ചൈതന്യം തിളങ്ങുന്ന ആശയം

സർവത്തെയും ഉൾവഹിക്കുന്ന സൃഷ്ടിയുടെ അപാരവൈഭവമാണു സൗന്ദര്യത്തിന്റെ യഥാർത്ഥ സങ്കൽപനം. ആചാര്യൻമാർ ഈ വൈഭവത്തിന്റെ പ്രതീകങ്ങളത്രേ. അതിനാൽ അവർ സൃഷ്ടിഭാവത്തിന്റെ അനുപൂരകന്മാരും അന്വയവാഹികളുമാണ്. പക്ഷേ, മതത്തിന്റെ നിഷ്ഠൂരവും നിന്ദ്യവുമായ സാമ്പ്രദായികത ആചാര്യന്മാരെ മതത്തെ ധിക്കരിക്കുന്നവരായി വീക്ഷിക്കുന്നു.

യുഗധർമസംസ്ഥാപന കർമ്മത്തിൽ ഈശ്വരസംവിധാനമായി അവതീർണനാകുന്ന ആചാര്യൻ മത തത്വങ്ങളിലെ മഹിതമണികളെ കോർക്കുന്ന ദിവ്യദുകുലമായിട്ടാണു വർത്തിക്കുന്നത്. ബുദ്ധൻ ഹിന്ദുമതത്തെയും ക്രിസ്തു യഹൂദമതത്തെയും നബി ഖുറൈഷി മതത്തെയും ധിക്കരിച്ചവരാണ് എന്ന പാരമ്പര്യമതങ്ങളുടെ വക്താക്കൾ നല്കുന്ന വിശദീകരണം ഒരു തരം കപടവൃത്താന്തമായി മാത്രമേ നേർബുദ്ധികൾക്ക് കണക്കാക്കാനൊക്കൂ. ആചാര്യന്മാരല്ല, മറിച്ച്, മതത്തിന്റെ വ്യാജപ്രവാചകന്മാരാണ് ധർമോദാരവും ആത്മാവിന്റെ ശക്തിയുമായ ധർമ്മബോധത്തെ ജാതിയും ഭാഷാപരവുമായ വേർതിരിവുകളിൽക്കൂടി ഛിന്നഭിന്നമാക്കുന്നത്. ഈ നിക്ഷിപ്തതല്പരരെ സംബന്ധിച്ചിടത്തോളം സമൂഹത്തിൽ ഉച്ചനീചഭേദം എന്നും ഒരു അവശ്യഘടകമായിരുന്നു. വൈകാരികക്ഷമമായ മാനവികതയെയും മൃദുലവും ഋജുവുമായ ആന്തരിക ഭാവങ്ങളെയും അപഥമായി പ്രവഹിപ്പിക്കേണ്ടത് അവരുടെ നിയമക്രമങ്ങളുടെ നില ഭദ്രമാക്കാൻ അനിവാര്യമായിരുന്നു. ഏതാദൃശമായ കരുതലിന്റെയും കർമത്തിന്റെയും കേവലം പ്രതിഫലകമായി മാത്രമേ വർത്തമാനകാലഘട്ടത്തെയും കരുതേണ്ടതുള്ളൂ.

പൗരോഹിത്യവർഗ്ഗം, വേദോപനിഷത് പ്രാമാണികങ്ങൾ എന്ന പുകമറ കാണിച്ച്, ഇന്ത്യൻ മഹാഭൂരിപക്ഷത്തിന് അറിവിന്റെ സൂക്ഷ്മ തലങ്ങളിലേക്കുള്ള പ്രവേശനം നിക്ഷേധിച്ച് അസ്പൃശ്യത കൽപിച്ച് ദൈവികത്വവും ഭരണാധികാരികത്വവും അവർക്ക് ന്യായവും സ്വാഭാവികവുമാണെന്ന് പരമ്പരാഗതമായി സ്ഥിരീകരിക്കാൻ കഴിഞ്ഞു എന്നു മാത്രമല്ല, ഇന്നും സമൂഹമേലാളന്മാരുടെ ശബ്ദം ഭൂരിപക്ഷത്തിന്റെ മനസുകളിൽ സംഭ്രമമുളവാക്കുകയും ചെയ്യുന്നു. അവരുടെ ആഹ്വാനങ്ങളോട് ഉത്സാഹപൂർവം ആവേശപൂർവവും പ്രതികരിക്കുന്നു. എളുപ്പത്തിൽ പ്രക്ഷോഭങ്ങളിലേക്ക് എടുത്തു ചാടുന്നു. തനിക്കു പിടിയില്ലാത്ത ആദർശത്തിന്റെ പേരിൽ ബുദ്ധിമാന്മാർ ഈ ദൗർബല്യത്തെ മുതലെടുത്തു സ്വാർത്ഥം നേടുന്നു. അങ്ങനെ നമ്മുടെ മാതൃരാഷ്ട്രത്തെ കുറേശ്ശെ ഒറ്റു കൊടുക്കുന്നു.

ഇനി മറ്റൊരുവശം. കർമത്തിനും ബുദ്ധിക്കും ചേരും വിധം ഭാഷയ്ക്കു പദവി കൽപിച്ച് ലിപിശാസനദാക്ഷിണ്യത്തിന്റെ പേരിൽ അടിമപ്പെടുത്തി, ഭരണപൗരോഹിത്യ വർഗങ്ങളുടെ താൽപര്യങ്ങൾ ഭദ്രമാക്കിയത് ഇതേ ദൗർബല്യത്തെ ചൂഷണം ചെയ്തുകൊണ്ടുതന്നെ. ഇതിനെ പ്രതിസംഹരിക്കാൻ പ്രാപ്തമായ ശക്തി ഏത്? വഞ്ചനാപരമായ വൃത്താന്തമണികളെ വലിച്ചുപൊട്ടിക്കാൻ വെമ്പൽ കൊള്ളുന്ന ആശയ വിപ്ലവമോ? അതല്ല, ത്രികാലങ്ങളുടെയും ചതുർയുഗങ്ങളുടെയും മന്വന്തരങ്ങളുടെ തന്നെയും ദാർശനികതലങ്ങളിൽ ചിതറിക്കിടക്കുന്ന അന്ത:സത്തയുടെ ഉറവിടങ്ങളിൽ നിന്ന് ഉൺമയെ ചികഞ്ഞെടുത്ത് ധർമ, സംസ്കാര, ആത്മീയ മൂല്യങ്ങളുടെ അക്ഷയശക്തി ജ്വലിപ്പിക്കുന്ന ആശയമാണു തേടുന്നതെങ്കിൽ, സത്യത്തിന്റെയും സൗന്ദര്യത്തിന്റെയും സ്നേഹത്തിന്റെയും ത്രിമാന ചൈതന്യം ചിതറി, അനശ്വരജ്യോതിസ്സായി നിൽക്കുന്ന ശാന്തിഗിരിയുടെ ആശയസമൃദ്ധിയെ കാണുക.



*ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പന്ത്രണ്ടാം ബാച്ച് വിദ്യാർത്ഥികൾ ബിരുദദാന ചടങ്ങിൽ ജസ്റ്റിസ് ബി. കെമാൽ പാഷ, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി തുടങ്ങിയവരോടൊപ്പം*

# ആധുനിക സാഹചര്യത്തിൽ സിദ്ധ വൈദ്യത്തിന്റെ പ്രസ്കതിയേറുന്നു : ജസ്റ്റിസ് ബി.കെമാൽ പാഷ

**ഹെൽത്ത്കെയർ സോൺ :** ചികിത്സാരംഗം സാധാരണക്കാരന് താങ്ങാനാവാത്ത വിധം ചെലവേറിയ ആധുനിക സാഹചര്യത്തിൽ സിദ്ധവൈദ്യത്തിന് പ്രസക്തിയേറുന്നുവെന്ന് ജസ്റ്റിസ് ബി. കെമാൽ പാഷ. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പന്ത്രണ്ടാം ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചെലവ് കുറഞ്ഞ ലളിതമായ ചികിത്സാക്രമങ്ങളിലൂടെ മാറാരോഗങ്ങൾക്ക് വരെ പരിഹാരമാകാൻ സിദ്ധവൈദ്യത്തിന് കഴിയുന്നുണ്ടെന്നും ചില അബദ്ധധാരണകളാണ് സിദ്ധയുടെ വളർച്ചക്ക് തടസ്സമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമിഗുരുരത്നം ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡീൻ ഡോ. വി.അരുണാചലം വിദ്യാർത്ഥികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ശാന്തിഗിരി ഹെൽത്ത് കെയർ & റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, കോളേജ് പ്രിൻസിപ്പാൾ ഡോ. എ. വാസുകിദേവി, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത, ഡോ.കെ.ഗോപകുമാർ, വൈസ് പ്രിൻസിപ്പാൾമാരായ ഡോ.കെ.ജഗന്നാഥൻ ഡോ.പി.ഹരിഹരൻ, പി.ടി.എ. പ്രസിഡന്റ് വി.വിജയൻ നായർ എന്നിവർ പ്രസംഗിച്ചു. ബിരുദദാന ചടങ്ങിനു ശേഷം വൈകിട്ട് 5ന് നടന്ന കലാസന്ധ്യയുടെ ഉദ്ഘാടനം നടനും പ്രശസ്ത മോഡലുമായ ഡോ. രാജീവ് പിള്ള നിർവഹിച്ചു. ഐഡിയ സ്റ്റാർ സിംഗർ ഫെയിം വില്യം ഐസക് നയിക്കുന്ന ഡാൻ 83 ബാൻഡിന്റെ സംഗീതസന്ധ്യ ബിരുദദാന ചടങ്ങിന് മിഴിവേകി.

2013ൽ ബി.എസ്.എം.എസ്. കോഴ്സിനു പ്രവേശനം നേടിയ 44 വിദ്യാർത്ഥികളാണ് പഠനം പൂർത്തിയാക്കി സിദ്ധ ബിരുദം കരസ്ഥമാക്കിയത്.



*ശാന്തിഗിരി ആയുർവേദ & സിദ്ധ വൈദ്യശാല മാരാരിക്കുളത്ത് നടത്തിയ മെഗാ മെഡിക്കൽക്യാമ്പ് സ്വാമി ചൈതന്യ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

## ദിവംഗതനായി

**കണ്ണൂർ :** ആശ്രമം അഡ്വൈസറി കമ്മിറ്റി ജനറൽ കൺവീനർ തലശ്ശേരി കൂത്തുപറമ്പ് ജനസമ്മതിയിൽ പി.കെ. പ്രകാശൻ(72) ആഗസ്റ്റ് 10 ന് ദിവംഗതനായി. സംസ്ക്കാരം ഇന്ന് നടക്കും. ഭാര്യ : സുലേഖ, മകൻ : ഷോണിക്, മരുമകൾ : ഡോ. ജൂബി.



*പി.കെ. പ്രകാശൻ*

# കല മനുഷ്യത്വം വർദ്ധിപ്പിക്കും : കെ.എസ്.ശബരിനാഥൻ

**എജ്യൂക്കേഷൻ സോൺ :** കല മനുഷ്യനെ കൂടുതൽ മനുഷ്യത്വമുള്ളവനാക്കി മാറ്റുമെന്നും കലാപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ കുട്ടികളുടെ കലാമേള കലാഞ്ജലിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് കെ.എസ്.ശബരിനാഥൻ എം.എൽ.എ. പറഞ്ഞു. സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ദൂരദർശൻ ഡയറക്ടർ ബൈജു ചന്ദ്രൻ, മുരളി ശ്രീധർ, അനിൽ പ്ലാവോട്, എം.പി. പ്രമോദ്, രാജീവ് എസ്., ബിജു കെ.,ഗായത്രി എം.ലാൽ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.ശാന്തിഗിരി വിദ്യാഭവൻ മീഡിയ ക്ലബ്ബ് നിർമ്മിച്ച ഹ്രസ്വചിത്രം 'കുറിച്ചിടാത്തൊരു കണക്കു പുസ്തക'ത്തിന്റെ സി.ഡി പ്രകാശനം ബൈജു ചന്ദ്രൻ നിർവ്വഹിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു.




*ശാന്തിഗിരി വിദ്യാഭവൻ കലാഞ്ജലി ഉദ്ഘാടന ചടങ്ങിൽനിന്ന്*


**സ്മരണാഞ്ജലി**

അകാലത്തിൽ പൊലിഞ്ഞു പോയ (15/08/2017) ഞങ്ങളുടെ



**മനോജ് കുമാർ.എം**

Adv. High Court, Choreographer, SANTHI MAHIMA Co-ordinator

'ഗുരുനിധി' സ്നേഹപുരം-മൺവിളമുകൾ
കോലിയക്കോട്, തിരുവനന്തപുരം - 695607

മുരിങ്ങോടിത്തറ എടവനക്കാട്
വൈപ്പിൻ എറണാകുളം

അച്ഛൻ : എം.എ രാജപ്പൻ (Ex. BSNL)
അമ്മ : എ.എ കൗസല്യ(Ex. KAU)
അനുജൻ: എം. മഹേഷ്കുമാർ & ഐശ്വര്യ മഹേഷ്

ആത്മമിത്രങ്ങളും സഹപ്രവർത്തകരും

94475 25635 / 94475 30633



ഗുരുചരണം ശരണം

**സമ്പൂർണ്ണ ഗുരുവാണി**

**ഒന്നാംവാല്യം നവപൂജിതത്തിന് പ്രസിദ്ധീകരിക്കുന്നു**

**മുഖവില 700 രൂപ – നവപൂജിത ദിവസം**
**500 രൂപയ്ക്ക് പുസ്തകം ലഭിക്കും**

**ആശ്രമം പബ്ലിക്കേഷൻസ് കൗണ്ടറിൽ**
**ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു**



*Gurucharanam Saranam*

*Ramakrishnan P.P. & Leelavathi C.*
*'Nithyasukham'*
*Snehapuram, Santhigiri P.O.,*
*Thiruvananthapuram.*
*Phone: 0472 2582936, 9447891658*

***With the grace and blessings of***
***Navajyothisree Karunakara Guru***

*Cordially invite your gracious presence with family on the auspicious occasion of the marriage of our son*

***Pradeepan R.***

*(Grand Son of late Sri. P.P. Balan and Smt. C.P. Sreedevi*
*'Puthiya Purayil', Palayad P.O., Thalassery)*

*with*

***Saranya Raveendran***

*(D/o. Sri. M. Raveendran & Smt. Sudha Ravindran*
*Mannarath 'Santhideepam', Kizhakkumuri P.O., Kakkodi,*
*Kozhikode)*

*on Monday, 26th August 2019 (1195 Chingam 10)*
*at Santhigiri Ashram, Pothencode,Thiruvananthapuram.*
*Muhurtham : Between 10.00 am & 12.00 noon*

*With best compliments from:*
*Friends & Relatives*

*Presents in blessings only*

# സമൂഹത്തിൽ മാറ്റം വരുത്തുവാൻ എഴുത്തുകാർക്കു കഴിയും: രമേശ് ചെന്നിത്തല



'മാറുന്ന കാലം മാറുന്ന കാഴ്ചകൾ' പുസ്തക പ്രകാശനം രമേശ് ചെന്നിത്തല നിർവഹിക്കുന്നു

**തിരുവനന്തപുരം** : സമൂഹത്തിൽ മാറ്റം വരുത്തുവാൻ എഴുത്തുകാർക്കു കഴിയുമെന്നു തെളിയിച്ചു കഴിഞ്ഞിട്ടുള്ളതാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി രചിച്ച് ശ്രേഷ്ഠ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'മാറുന്ന കാലം മാറുന്ന കാഴ്ചകൾ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം മാസ്ക്കറ്റ് ഹോട്ടലിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തെ നോക്കിക്കാണാനും പ്രശ്നങ്ങളെ വിമർശനബുദ്ധ്യാ സമീപിച്ച് തെറ്റുകൾ തിരുത്തുവാനും എക്കാലത്തും എഴുത്തുകാർ ശ്രമിച്ചിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ സാമൂഹികനന്മ ലക്ഷ്യമാക്കിയുള്ള മഹത്തായ സേവനമാണ് എഴുത്തുകാരൻ നിർവ്വഹിക്കുന്നതെന്ന് രമേശ് ചെന്നിത്തല കൂട്ടിച്ചേർത്തു. നിത്യവും നമുക്കുചുറ്റും കാണുന്ന കാര്യങ്ങളെ ജാഗ്രതയോടെ സസൂക്ഷ്മം വീക്ഷിച്ചു കൊണ്ടിരിക്കുന്ന നിഷ്പക്ഷനായ ഒരു സാമൂഹിക വിമർശകനെ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ പുസ്തകത്തിൽ നമുക്കു കാണാനാകുമെന്ന് രമേശ് ചെന്നിത്തല ചൂണ്ടിക്കാട്ടി. മുൻ കേന്ദ്രമന്ത്രി ഒ.രാജഗോപാൽ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. മുൻ സ്പീക്കറും കെ.ടി.ഡി.സി. ചെയർമാനുമായ എം. വിജയകുമാർ മുഖ്യപ്രഭാഷണം നടത്തി. റാണി മോഹൻദാസ് ആശംസാ പ്രസംഗം ചെയ്തു. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മറുപടി പ്രസംഗം നടത്തി. സബീർ തിരുമല സ്വാഗതവും എൻ.കെ.വിജയകുമാർ കൃതജ്ഞതയും പറഞ്ഞു.



ശാന്തിഗിരി കെയർ സർവ്വീസസ് ഓഫീസിൽ നടന്ന ദുരിതാശ്വാസ അവലോകന യോഗം



കോഴിക്കോട് ദുരിതാശ്വാസ ക്യാമ്പ് ജി. ഹരികൃഷ്ണന്റെ നേതൃത്വത്തിൽ സന്ദർശിക്കുന്നു



ശാന്തിഗിരി വെജിറ്റബിൾ സ്റ്റാളിൽ നടക്കുന്ന പകർച്ച പനിക്കുള്ള സൗജന്യ പ്രതിരോധ മരുന്ന് വിതരണം

# മഴ: ജാഗ്രതയാണ് ഏറ്റവും മുഖ്യ പ്രതിരോധം

*(1-ാം പേജ് തുടർച്ച)*

പ്രവർത്തകർ കൂടുതൽ ജാഗ്രത പുലർത്തുകയാണ് വേണ്ടത്. ആശ്രമം സെൻട്രൽ ഓഫീസ് ഒരു ജാഗ്രതാ കേന്ദ്രമായി മാറണം. എല്ലാ ഏര്യാ ഓഫീസുകളുമായും നിരന്തരം ബന്ധപ്പെടാനുള്ള സംവിധാനങ്ങൾ തയ്യാറാക്കി പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കണം. വിവിധ പ്രദേശങ്ങളിൽ നിന്നും ആശ്രമത്തിലേക്ക് വരുന്നവർ എവിടെ നിന്നെങ്കിലും സഹായം ആവശ്യപ്പെട്ടാൽ അവരെ നിരാശരാക്കാതെ കഴിയുന്ന സഹായം ചെയ്തുകൊടുക്കണം. മഴ തീരുന്നതുവരെ തിരുവനന്തപുരത്തെ ഏര്യാ ഓഫീസ് ശാന്തിഗിരിയുടെ ദുരിതനിവാരണ ജാഗ്രതാകേന്ദ്രമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ, വിമാനത്താവളം എന്നിവിടങ്ങളിൽ ഏതു സമയത്തും പോകാൻ സജ്ജരായിരിക്കണം. ആശ്രമപരിസരവാസികളിലും മഴയെത്തുടർന്നുള്ള പകർച്ചപ്പനികളോ മറ്റോ ഉണ്ടായാൽ നമ്മുടെ ആരോഗ്യവിഭാഗം ഉടൻ തന്നെ അറിയുന്നതിനും ഇടപ്പെടുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കണം. അവരെ അതിവേഗം പരിശോധിച്ച് പ്രാഥമിക മരുന്നുകൾ നൽകിയ ശേഷം അടുത്തുള്ള മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യണം. വിവിധ സംസ്ഥാനങ്ങളിലും വിദേശത്തും ആശ്രമസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ നാട്ടിലുള്ള ബന്ധുക്കൾക്ക് എന്തെങ്കിലും സഹായം ആവശ്യപ്പെടുകയാണെങ്കിൽ കാലതാമസം വരുത്താതെ അതിൽ ഇടപെടുകയും പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എൻ.എൻ.കമ്മ്യൂണിക്കേഷൻ ഓഫീസ് കേന്ദ്രീകരിച്ച് ഒരു ജാഗ്രതാകേന്ദ്രം അടിയന്തിരമായി തുടങ്ങുക തന്നെ വേണം. അവിടെ ശാന്തിഗിരിയുടെ നിലവിലുള്ള കാൾ സെന്റർ കൂടുതൽ കാര്യക്ഷമമാക്കുകയും 24 മണിക്കൂറും പ്രവർത്തന സജ്ജമാകുകയും വേണം. ഇവിടെ ചുമതലയുള്ളവരുടെ നിർദ്ദേശങ്ങൾ ആശ്രമം മെഡിക്കൽ സർവ്വീസ് ഡിവിഷൻ, സേഫ്റ്റി, ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റ് എന്നിങ്ങനെയുള്ള വിഭാഗങ്ങളെല്ലാം കാലതാമസം വരുത്താതെ പാലിക്കുക തന്നെവേണം. ആശ്രമപരിസരത്തുള്ള റോഡുകളിൽ സഞ്ചാരികൾക്ക് സുരക്ഷിതമായ യാത്ര ഒരുക്കണം.

മഴയിലും കാറ്റിലും റോഡിലേക്ക് ഒടിഞ്ഞു വീഴുന്ന മരങ്ങളും വൈദ്യുതി കമ്പികളും സേഫ്റ്റി ഡിപ്പാർട്ട്മെന്റ് കൃത്യമായി നിരീക്ഷിക്കണം, ജനറേറ്റർ സംവിധാനം, എല്ലാ ഏരിയകളിലും സെന്ററുകളിലും മെഡിക്കൽ സർവീസ് ലഭ്യത, അടിയന്തര സഹായത്തിന് ആവശ്യമായ വാഹനങ്ങൾ എന്നിവ ഏർപ്പാട് ചെയ്യണം. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ആളുകൾക്ക് ആവശ്യമായ സഹായം എത്തിക്കേണ്ടതാണെന്നും സ്വാമി യോഗത്തിൽ പറഞ്ഞു





MARUTI SUZUKI ARENA

SOUTH PARK



SOUTHPARK MARUTI

N.H. Bypass Road, Chackai, Anayara P.O.
Thiruvananthapuram 695029



Phone : 0471-3050000, Mob: 9544040001



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala